**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** **15-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങളെ സ്കെയിൽ അപ്പ് ചെയ്യുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം മുകേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വ്യവസായ സംരംഭങ്ങളെ സ്കെയിൽ അപ്പ് ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന വ്യവസായ സംരംഭങ്ങളെ സ്കെയിൽ അപ്പ് ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷം കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. വസ്തുനിഷ്ഠവും, സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ-കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്.<br><br>എം.എസ്.എം.ഇ.കളുടെ സ്കെയിലിംഗ് അപ്പ് സഹായ പദ്ധതിക്കുള്ള ഭരണാനുമതി 20.05.2023 തീയതിയിലെ G.O. (Rt) No. 439/ 2023/ ID നമ്പർ സർക്കാർ ഉത്തരവ് വഴി ലഭിച്ചു. തുടർന്ന് സ്കീം മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ടുള്ള ഉത്തരവ് 18.09.2023 തീയതിയിലെ GO. (Rt) No. 955/ 2023/ID നമ്പർ സർക്കാർ ഉത്തരവ് വഴി ലഭിച്ചു.<br><br>സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന വ്യവസായ സംരംഭങ്ങളെ സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള സഹായം നൽകുന്നതിനു "നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിന് സഹായം നൽകുന്ന പദ്ധതി" വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്നു. GO (RT) No. 439/2023/ID Dated: 20/05/2023സർക്കാർ ഉത്തരവ് പ്രകാരം പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനായി സംരംഭങ്ങൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | പദ്ധതിയിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾ പാലിച്ചുകൊണ്ട്, പദ്ധതിയിൽ അപേക്ഷിക്കുന്ന ആദ്യത്തെ 1000 MSMEകളെയാണ് മിഷൻ1000പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നത്.<br><br>സ്കെയിൽ അപ്പ് മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ:<br>• UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം.<br>• 31/03/2024 വരെ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം.<br>• ഉത്പാദന മേഖലയിലോ, സേവനമേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം |
| (സി) | ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് ലഭിക്കുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ; | (സി) | തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് ചുവടെപ്പറയുന്ന വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്:<br>• മൂലധന നിക്ഷേപ സബ്സിഡി 40% (പരമാവധി 2 കോടി രൂപ)<br>• പ്രവർത്തന മൂലധന വായ്പകൾക്ക് 4 വർഷത്തേയ്ക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ)<br>• സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരു ലക്ഷം രൂപ വരെ)<br>• തിരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായ വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥന്റെ സഹായം നൽകാൻ നിയോഗിക്കും. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ MSMEകളിൽ നിന്നും തിരഞ്ഞെടുത്ത1000 MSMEകളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷംകോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻപദ്ധതി, മിഷൻ1000വിഭാവനം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ-കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്.<br><br>ഈ പദ്ധതിയിലേക്കുള്ള അപേക്ഷകൾ സ്വീകരിക്കാൻ വേണ്ടി വ്യവസായവകുപ്പ് ഒരു ഓൺലൈൻ പോർട്ടൽ തുടങ്ങുകയും അതിലൂടെ അപേക്ഷകൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ തലത്തിൽ പരിശോധിച്ച് സ്റ്റേറ്റ് ലെവൽ അപ്രൂവൽ കമ്മിറ്റി (SLAC)യുടെ അംഗീകാരത്തിനായി സമർപ്പിക്കും.<br><br>ഇത് വരെ ലഭിച്ച അപേക്ഷകളിൽ 361അപേക്ഷകൾSLACയുടെ അംഗീകാരത്തി നായി സമർപ്പിക്കുകയും, അവയിൽ നിന്നും 60മാർക്കിനു മുകളിൽ സ്കോർ ചെയ്ത213അപേക്ഷകരെ മിഷൻ1000പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>ടി സംരംഭങ്ങളിൽ 20 സംരംഭങ്ങൾ വിശദമായ സ്കെയിൽ അപ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 10 സംരംഭങ്ങൾ ഓൺലൈൻ പോർട്ടൽ (https://mission1000.industry.kerala.gov.in) മുഖേന പ്രൊജക്റ്റ് റിപ്പോർട്ട് അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്റ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിനും, ആയതു പ്രകാരം ആനുകൂല്യം നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ